എനിക്കായ് കരുതുന്നവൻ ഭാരങ്ങൾ വഹിക്കുന്നവൻ

എന്നെ കൈവിടാത്തവൻ യേശു എൻ കൂടെയുണ്ട്

പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ

പരിഹാരം എനിക്കായ് കരുതീട്ടുണ്ട്

എന്തിനെന്നു ചോദിക്കില്ല ഞാൻ

എന്റെ നന്മക്കായെന്നറിയുന്നു ഞാൻ

എരിതീയിൽ വീണാലും അവിടെ ഞാൻ ഏകനല്ല

വീഴുന്നതോ തീയിലല്ല എൻ യേശുവിൻ കരങ്ങളിലാം (പരീക്ഷ)

ഘോരമാം ശോധനയിൻ ആഴങ്ങൾ കടന്നിടുമ്പോൾ

നടത്തുന്നതേശുവത്രേ ഞാൻ അവൻ കരങ്ങളിലാം (പരീക്ഷ)

ദൈവം എനിക്കനുകൂലം അത് നന്നായ് അറിയുന്നു ഞാൻ

ദൈവം അനുകൂലം എങ്കിൽ ആരെനിക്കെതിരായ് വരും (പരീക്ഷ)